# ചർച്ച് ന്യൂസ്

**സി.എസ്.ഐ. കാട്ടാക്കട**

**ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)**

Vol:4 No:4
website: www.csikattakada.in
e-mail: csikattakada@gmail.com
സെപ്തംബർ 2015



ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക;
അതുആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു. (സഭാപ്രസംഗി-12:13)

സെപ്റ്റംബർ 5 അദ്ധ്യാപക ദിനം

GOVT. OF INDIA
916 BIS
HALLMARKED JEWELLERY

# നെയ്യാറ്റിൻകര
# പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
# ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
# ഷോപ്പിംഗ് അനുഭവം




| | | |
|---|---|---|
| കല്ല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം | എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ | ഏറ്റവും കുറഞ്ഞ പണിക്കൂലി |

പെരേപ്പാടൻസ്

100% 916 ജ്വല്ലറി

## ഗോൾഡ് പാർക്ക്

സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551

| കൊട്ടാരക്കര | നെടുമങ്ങാട് | കരുനാഗപ്പള്ളി | പയ്യന്നൂർ |
|---|---|---|---|
| Ph: 0474 - 3223637 | Ph: 0472 - 3201993 | Ph: 0476 - 2624599 | Ph: 0498 - 5208418 |

Head Office : Thrissur

ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

Vol: 4 No:4

സെപ്തംബർ 2015



Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617


## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. ആർ.എസ്.സുരേഷ്കുമാർ | 9995364451 |
| റവ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാഡ്സൺ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| നസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്

റവ. ആർ.എസ്.സുരേഷ്കുമാർ
റവ.സജി.എൻ.സ്റ്റുവർട്ട്
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡൈ്വസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റൊസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസിരാജ് (കപ്യാർ) 9446564482

## ഉള്ളടക്കം


Pastor's view — *റവ.ആർ.എസ്.സുരേഷ്കുമാർ* — 5
ദൈവശബ്ദം നമ്മെ നയിക്കട്ടെ — *റവ.സജി.എൻ.സ്റ്റുവർട്ട്* — 7
വാർത്തകൾ, അറിയിപ്പുകൾ — 9
പ്രധാന പ്രോഗ്രാമുകൾ — 12
ഇന്ത്യയിൽ വന്ന അപ്പോസ്തലൻ — *വിൽഫ്രഡ് രാജ്* — 15
പൊതുവിജ്ഞാനം — *ബിനു.ജി.ആർ* — 18


## ചർച്ച് ന്യൂസ് വരവ്–ചെലവ്

ആഗസ്റ്റ് 2015

**വരവ്**

| | |
|---|---|
| പെരേപ്പാടൻസ് ഗോൾഡ്പാർക്ക് | 1500 |
| റ്റി.സൈറസ് ഡീഖൻ, പാരഡൈസ് | 500 |
| ഗ്ലോറിഭവൻ | 500 |
| രാജു.ഇ, ലിറ്റിൽഭവൻ | 1000 |
| സ്റ്റീഫൻസൻ,നെടുവത്താൻകുഴി | 200 |
| ആകെ വരവ് | 3700 |

**ചെലവ്**

| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 500 |
| പ്രിന്റിംഗ് | 6050 |
| ആകെ ചെലവ് | 6550 |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio

## എഡിറ്റോറിയൽ



തലമുറകളെയും അവരുൾക്കൊള്ളുന്ന സമൂഹത്തെയും ഉന്നതിയിലെത്തിക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതൽ കൂടുതൽ അറിയാൻ ആഗ്രഹിക്കുമ്പോൾ, ആ അന്വേഷണത്തെ ആനന്ദമായി അനുഭവിപ്പിക്കുന്ന ഗുരുനാഥനാണ് ശ്രേഷ്ഠനായ ഗുരു. അത് പഠിപ്പിക്കൽ മാത്രമല്ല പഠിക്കൽ കൂടിയാണ്. ഉപമകളിലൂടെ സ്വർഗ്ഗ രാജ്യത്തിന്റെ വലിയ മർമ്മങ്ങളെ നമ്മിലേക്കു പകർന്നുതന്ന ശ്രേഷ്ഠഗുരുനാഥൻ നമ്മുടെ സഭയിലെ എല്ലാ അദ്ധ്യാപകരെയും അനുഗ്രഹിക്കട്ടെ. കഷ്ടതയനുഭവിക്കുന്നവരെ കൈതാങ്ങുന്ന സഭയുടെ ദൗത്യനിർവ്വഹണത്തിലും എല്ലാവരും പങ്കാളികളാകുക.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്. ഡി



## ലോക ഹൃദയ ദിനം

ഹൃദയത്തെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കാനായി വേൾഡ് ഹാർട്ട് ഫെഡറേഷനും യുനെസ്കോയും ലോകാരോഗ്യസംഘടനയും സംയുക്തമായാണ് എല്ലാവർഷവും സെപ്റ്റംബർ മാസത്തിലെ അവസാനത്തെ ഞായറാഴ്ച ലോകഹൃദയാരോഗ്യദിനമായി (World Heart Day) ആചരിക്കുന്നത്.

ലോകത്ത് ഏറ്റവും കൂടുതൽ ഹൃദ്രോഗികളുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ജനിതകമായി മറ്റു രാജ്യങ്ങളിലുള്ളവരേക്കാൾ ഇന്ത്യക്കാർക്ക് ഹൃദയാഘാതമുണ്ടാകാൻ മൂന്നിരട്ടി സാധ്യതയുണ്ട്. 1960 മുതൽ 1995 വരെ നടത്തിയ നിരീക്ഷണങ്ങൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും വർദ്ധിച്ച ഹൃദ്രോഗ നിരക്കുള്ള സംസ്ഥാനം കേരളമാണ്.

കിട്ടുന്നതെന്തും വലിച്ചുവാരിക്കഴിക്കുന്ന പ്രകൃതക്കാരാണ് നമ്മൾ. എന്തു കഴിക്കണമെന്നതിനെപ്പറ്റിയും എങ്ങനെ കഴിക്കണമെന്നതിനെപ്പറ്റിയും നാം അറിഞ്ഞിരിക്കണം. ചീത്ത കൊളസ്ട്രോളായ എൽ.ഡി.എൽ. രക്തത്തിൽ അധികമായാൽ അവ ധമനികളുടെ ആന്തരിക പാളികളിൽ അടിഞ്ഞുകൂടുകയും ഉൾവ്യാപ്തി ചെറുതാവുകയും ചെയ്യുന്നു. അതോടെ ധമനികളിലൂടെയുള്ള രക്തസഞ്ചാരം ദുഷ്കരമാകുന്നു. ഇതാണ് നെഞ്ചുവേദനയുടേയും ഹാർട്ട് അറ്റാക്കിന്റേയും തുടക്കം.

ഹൃദയത്തിനോ, ശ്വാസകോശങ്ങൾക്കോ വേണ്ടത്ര പ്രയോജനം കിട്ടണമെങ്കിൽ കൃത്യവും ഊർജ്ജസ്വലവുമായ വ്യായാമം ചെയ്യണം. വേഗത്തിൽ നടക്കുക, ജോഗിംങ്, നീന്തുക, സൈക്കിൾ ചവിട്ടുക, ഡാൻസ് ചെയ്യുക തുടങ്ങിയ വ്യായാമ രീതികളാണ് വേണ്ടത്. വ്യായാമം ഹാർട്ട് അറ്റാക്ക് ഉണ്ടാക്കാനുള്ള സാധ്യത സാരമായി കുറക്കുന്നു.

പുകവലി നിർത്തുക, ഉയർന്ന രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കുക, മാനസികസംഘർഷം ലഘൂകരിക്കുക, മദ്യപാനം വർജ്ജിക്കുക തുടങ്ങിയവയെല്ലാം ഹൃദ്രോഗത്തിനടിമപ്പെടാതിരിക്കാൻ നമ്മെ സഹായിക്കും. ആരോഗ്യദായകമായ ഭക്ഷണം, പതിവായി വ്യായാമം എന്നിവ ശീലമാക്കുന്നത് നല്ല ആരോഗ്യത്തിലേക്കുള്ള ചവിട്ടുപടികൾ ആണ്.



## Pastor's view

കർത്താവിൽ പ്രീയരെ,

"എളിയവരോട് സദ്വർത്തമാനം അറിയിക്കുക"
"ദരിദ്രരോട് സുവിശേഷം അറിയിക്കുക"
(യെശയ്യാവ് 61:1 ലൂക്കോസ് 4:18, 19)

എല്ലാ നിമിഷവും കൂടെ ഇരിക്കുന്ന നമ്മുടെ കർത്താവിന്റെ കൃപയും അനുഗ്രഹവും ഒരുമാസം കൂടെ അനുഭവിക്കാൻ ദൈവം നമ്മെ സഹായിച്ചു. ഈ കരുതലിനായി ദൈവത്തെ സ്തുതിക്കാം. 2015-ാം വർഷത്തിലെ തിരുവോണം എല്ലാ വ്യക്തികൾക്കും അനുഗ്രഹപ്രദമായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

സെപ്റ്റംബർ മാസം നമ്മുടെ ജീവിതത്തിലെ ഒരു കരുതലിന്റെ മാസം കൂടെയായതിനാൽ ദൈവസന്നിധിയിൽ നന്ദിയുള്ളവരാകാം. ദൈവം നമ്മെ കാക്കുകയും കരുതുകയും ചെയ്തു. കഷ്ടത്തിന്റെ, രോഗത്തിന്റെ, വേദനയുടെ, ദാരിദ്ര്യത്തിന്റെ, കടഭാരത്തിന്റെ, സമാധാനമില്ലായ്മയുടെ, നിരവധിയായ പിരിമുറുക്കങ്ങളുടെ നടുവിൽ ദൈവത്തിന്റെ കരം നമുക്ക് അനുകൂലമായിരുന്നു.

മുകളിൽ ഉദ്ധരിച്ച രണ്ടു വാക്യങ്ങളുടെയും ആദ്യ പദങ്ങൾ-"എളിയവർ, ദരിദ്രർ" എന്നിവ- സഹായം, ഒരു കൈതാങ്ങ് ആവശ്യമുള്ളവർ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. സഹായം ആവശ്യമില്ലാത്ത മറ്റനേകരുടെ ഒപ്പം നിൽക്കാൻ, ഒപ്പം എത്താൻ ഇപ്പോൾ കഴിയാതിരിക്കുന്നവർ എന്നാണ് അതിനർത്ഥം. ആരോഗ്യം വീണ്ടെടുക്കാൻ, വിദ്യാഭ്യാസം ലഭിക്കാൻ, സമാധാനം ലഭിക്കാൻ, ദാരിദ്ര്യം മാറാൻ, കഷ്ടത നീങ്ങാൻ, തൊഴിൽ സാധ്യത കണ്ടെത്താൻ, തടസ്സമായിരിക്കുന്നതിനെ കണ്ടെത്തി അനുകൂലമായത് മുന്നിൽ നൽകുക. യേശുവിന്റെ പരസ്യശുശ്രൂഷയുടെ സദ്വാർത്ത, സുവിശേഷം അതായിരുന്നു.

പക്ഷവാതരോഗിയുടെ പാപം മോചിപ്പിച്ചപ്പോൾ രോഗി സുഖമുള്ളവനായി. കൂനിയായ സ്ത്രീയെ ബന്ധിച്ചിരുന്ന സാത്താന്റെ ബന്ധനം ഇല്ലാതെയായപ്പോൾ

അവൾ സൗഖ്യമുള്ള്വളായി. ശമര്യക്കാരത്തി സ്ത്രീയുടെ വഴിവിട്ടുള്ള ജീവിതം തിരിച്ചറിഞ്ഞപ്പോൾ അവൾ ദൈവ പുത്രനെ-മശിഹായെ തിരിച്ചറിഞ്ഞു. നമ്മുടെ യഥാർത്ഥ ചിത്രം കർത്താവിന്റെ സന്നിധിയിൽ സമർപ്പിക്കുമ്പോൾ, കർത്താവിനെ നാം തിരിച്ചറിയുമ്പോൾ അനുകൂലവഴി നമ്മുടെ മുമ്പിൽ തെളിയും. അങ്ങനെ നമ്മുടെ ജീവിതം തന്നെ ദൈവത്തിന്റെ ദാനമായി മാറും.

ദൈവത്തിന്റെ ദാനമായ ഈ ജീവിതം അർത്ഥപൂർണ്ണമാകുന്നത് നാം മറ്റുള്ളവരോട് കരുണയും കരുതലും ഉള്ളവരാകുമ്പോൾ മാത്രമാണ്. കഴിഞ്ഞ ഒരു വർഷക്കാലവും സാധു സംരക്ഷണ പ്രവർത്തനങ്ങളിലൂടെ നാം ചെയ്തുകൊണ്ടിരുന്ന ചെറുതും വലുതുമായ പ്രവർത്തിയുടെ പൂർത്തീകരണമാണ് "സാധുസംരക്ഷണ മാസാചരണം". നാം നൽകുന്ന ചെറുതും വലുതുമായ കരുതലിലൂടെ അനേകർ ദൈവത്തിന് നന്ദി പറയാൻ കാരണമാകട്ടെ. സെപ്തംബർ മാസത്തെ സാധു സംരക്ഷണ മാസാചരണം സഭയുടെ അർത്ഥപൂർണ്ണമായ സാക്ഷ്യത്തിന്റെ വെളിപ്പെടുത്തലുകളാകട്ടെ. ആത്മാർത്ഥമായി എല്ലാവരും സഹകരിക്കുക.

ഈ മാസത്തെ കുടുംബവാര ആരാധനകളും, പ്രവർത്തനങ്ങളും അനുഗ്രഹ പ്രദമാകട്ടെ. യുവജനവാരം യുവതീയുവാക്കളുടെ ജീവിത്തിൽ ദൈവനാമ മഹത്വത്തിന് മുൻതൂക്കം നൽകുന്ന നാളുകളാകട്ടെ.

സാധുസംരക്ഷണ മാസാചരണത്തിന്റെ സന്ദേശം നൽകുന്ന റവ: ഡോ. എൽ. ഇ. സഹനം അച്ചനെയും, അനുമോദനാർഹരെ അഭിനന്ദിക്കാനും, യുവജനവാര ഉത്ഘാടനത്തിനായും എത്തുന്ന ശ്രീ. നോബിൾമില്ലർ സാറിനെയും ദൈവനാമത്തിൽ ഹൃദ്യമായി സ്വാഗതം ചെയ്യാം.

ഈമാസം പുതിയ വയസിലേയ്ക്ക് പ്രവേശിക്കുന്നവരെയും കുടുംബ വാർഷികമുള്ള കുടുംബങ്ങളെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. ഏവർക്കും നൻമയുടെ ദിനങ്ങൾ ദൈവം നൽകട്ടെ.

പ്രാർത്ഥനാപൂർവ്വം,

റവ. ആർ. എസ്. സുരേഷ്കുമാർ

## യുവജനവാരം – 2015 സെപ്തംബർ 20–27

| | | | |
|---|---|---|---|
| 20 | ഞായർ | 8 am | : യുവജനവാരം ഉത്ഘാടനം, പതാക ഉയർത്തൽ |
| | | 10.30 am | : സെമിനാർ (നേതൃത്വം : ശ്രീ. നോബിൾ മില്ലർ) |
| | | 6.30 am | : ഭവനാരാധന (ശ്രീ. ബ്രൈറ്റ്സിംഗ് Tr. ലിസ്ബത്ത്) |
| 21 | തിങ്കൾ | | : റിട്രീറ്റ് (പൊൻമുടി) |
| 22 | ചൊവ്വ | 6.30 pm | : ഭവനാരാധന (ശ്രീ. യേശുദാസൻ, ദാസ്ഭവൻ, ചാമവിള) |
| 23 | ബുധൻ | 4.00 pm | : പാലിയേറ്റീവ് കെയർ രോഗികളുടെ ഭവനസന്ദർശനം |
| 24 | വ്യാഴം | 8.00 am | : സഭയും പരിസരവും വൃത്തിയാക്കൽ |
| | | 7.00 pm | : സന്ധ്യാരാധന |
| 25 | വെള്ളി | 6.30 pm | : ഭവനാരാധന |
| 27 | ഞായർ | 6.30 pm | : ഭവനാരാധന (ശ്രീ.ഷൈൻജോയ്, സാന്ത്വനം) |

# ദൈവശബ്ദം നമ്മെ നയിക്കട്ടെ...





റവ. സജി. എൻ. സ്റ്റുവർട്ട്

ശബ്ദ ബാഹുല്യത്തിൽ അലക്ഷ്യമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നമ്മുടെ ജീവിതം മുന്നേറിക്കൊണ്ടിരിക്കുന്നത്. പല സാഹചര്യത്തിലും പല ശബ്ദങ്ങളും നമ്മെ നയിക്കാറും, അതിലേറെ വഴിതെറ്റിക്കാറുമുണ്ട്. കൗമാരപ്രായത്തിൽ തന്നെ ദൈവശബ്ദത്താൽ നയിക്കപ്പെട്ട ഒരു പെൺകുട്ടിയാണ് പാവങ്ങളുടെ അമ്മയായി അറിയപ്പെട്ട മദർ തെരേസ. ദൈവശബ്ദം കേട്ട യെശയ്യാവ് ഒരു പ്രവാചകനായി മാറ്റപ്പെട്ടു. അബ്രഹാം, യോസേഫ്, മോശെ, ദാവീദ്, ദാനിയേൽ തുടങ്ങിയ ഒരു പ്രബല വിഭാഗം ദൈവശബ്ദത്താൽ നയിക്കപ്പെട്ടു. ഹവ്വ, ആദാം, സോദോം-ഗൊമോറ നിവാസികൾ, ശൗൽരാജ് തുടങ്ങിയ വ്യക്തികളും, സമൂഹങ്ങളും ദൈവശബ്ദത്തെ ഉപേക്ഷിച്ചപ്പോൾ ഇരുൾ മൂടിയ അദ്ധ്യായങ്ങളായി പരിണമിച്ചു. നമുക്ക് ദാവീദിന്റെ ജീവിതത്തിലെ ദൈവശബ്ദത്തെപ്പറ്റി ചിന്തിക്കാം.

1. ദൈവസാന്നിദ്ധ്യം ദാവീദിനെ പ്രബലനാക്കുന്നു.

2 ശമുവേൽ 5:10-ാം വാക്യം ദാവീദിനെ മേൽക്കുമേൽ പ്രബലനാക്കുന്നതായി കാണാൻ സാധിക്കും. പ്രബലരായ രാജാക്കന്മാരുടെ മുന്നിൽ, പരിഹസിക്കുന്ന ജനവിഭാഗങ്ങളുടെ മുന്നിൽ അഹങ്കരിക്കുന്നവരുടെ മുന്നിൽ പോർവിളിച്ച രാജ്യങ്ങളുടെ മുന്നിൽ ദാവീദ് രാജാവായി മാറി. കാരണം ദൈവീക ശബ്ദം കൂടെ ഉണ്ടായിരുന്നുവെന്നതാണ്. മുപ്പതാമത്തെ വയസ്സിൽ രാജാവായി 40 വർഷം ദേശത്തെ ഭരിക്കാൻ ദാവീദ് രാജാവിനായി (2 ശമുവേൽ 5:4). മല്ലനായ ഗോല്യാത്തിനെ മലർത്തിയി

ടുവാൻ നിസ്സാരനെന്നു വിധിയെഴുതിയിരുന്ന ദാവീദിനെ ദൈവം കാരണമാക്കി. നമ്മെയും പലപ്പോഴും ഉയർത്താൻ ദൈവീക സാന്നിദ്ധ്യം നമ്മുടെ മദ്ധ്യേയുണ്ട്. എന്നാൽ നാമും ദൈവവുമായിട്ടുള്ള അകൽച്ച പലപ്പോഴും അതിനു തടസ്സമാകുന്നു.

2. ദൈവീക ശബ്ദം ദാവീദ് അനുഗ്രഹമായി എണ്ണുന്നു.

രാജ്യങ്ങളെ കീഴടക്കി പ്രബലനായി മാറിയപ്പോഴും ദാവീദിന്റെ മനസ്സിൽ യെരുശലേം ദേവാലയം ഒരു യാഥാർത്ഥ്യമാക്കണമെന്ന് തോന്നലുണ്ടായിരുന്നു. എന്നാൽ നാഥാനിലൂടെ ഉണ്ടായ ദൈവശബ്ദം വിഭിന്നമായിരുന്നു. ദൈവാലയം തന്റെ സന്തതിയാണ് പണിയേണ്ടത് എന്ന ദൈവശബ്ദത്തെ ദാവീദ് അനുഗ്രഹമായി കരുതി. ശമുവേൽ പ്രവാചകന്റെ 2-ാം പുസ്തകം 7-ാം അദ്ധ്യായം ദാവീദിന്റെ ദൈവശബ്ദത്തോടുള്ള പൂർണ്ണ വിധേയത്വം സൂചിപ്പിക്കുന്നു. രാജാവെന്ന നിലയിൽ ഒരുപക്ഷേ എല്ലാ അധികാരവും ഉള്ളപ്പോഴും ദൈവത്തെ അനുസരിച്ച് വിനയമുള്ളവനായി മാറി.

ഉപസംഹാരം

ഈ കാലഘട്ടത്തിലെ നമ്മുടെ യാത്രകൾ ദൈവശബ്ദം ശ്രദ്ധിച്ച് അത് പാലിച്ചുകൊണ്ടാണോ എന്ന് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ദൈവശബ്ദത്തിന്റെ വക്താക്കളായ നമുക്ക് ഇന്നത്തെ സമൂഹത്തിൽ യാതൊരു ചലനവും സൃഷ്ടിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ആയതിനാൽ ദൈവശബ്ദത്തെ, നമ്മെ വഴിനടത്താനുള്ള പ്രഥമ മാധ്യമമായി കരുതി മുടങ്ങാതെ രാവിലെയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥനകളിലൂടെ ദൈവീകപദ്ധതികളിൽ നമുക്ക് പങ്കാളികളാകാം. ഒരുപക്ഷേ മാറിനിൽക്കാനാണ് ദൈവം നമ്മോടു ആഹ്വാനം ചെയ്യുന്നതെങ്കിൽ ദാവീദിനെപ്പോലെ പൂർണ്ണമായി അനുസരിച്ച് ദൈവത്തെ മഹത്വപ്പെടുത്താം. അതിലൂടെ തലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ. ദൈവശബ്ദം നമ്മെ നയിക്കട്ടെ. ○

## സ്ത്രീജനസഖ്യം കുടുംബവാരം

### 2015 സെപ്തംബർ 6 മുതൽ 13 വരെ

| | | |
|---|---|---|
| 6 ഞായർ (8 am) | : | കുടുംബവാര ഉത്ഘാടനം (റവ. ആർ.എസ്. സുരേഷ്കുമാർ) |
| 8 ചൊവ്വ (4 pm) | : | ഭവനാരാധന (ശ്രീ. റ്റൈറ്റസ്, പ്രശാന്ത്, പുന്നാംകരിക്കകം) |
| 9 ബുധൻ | : | ഭവനസന്ദർശനം |
| 10 വ്യാഴം (7 pm) | : | സന്ധ്യാരാധന, CSI കാട്ടാക്കട (പ്രസംഗം ശ്രീമതി ലാജി Tr.) |
| 11 വെള്ളി (4 pm) | : | ഭവനാരാധന (ശ്രീ. വിൽസ്രാജ്, ഷീനാ ഭവൻ) |
| 12 ശനി (4 pm) | : | സ്ത്രീജനസഖ്യം ആരാധന |
| 13 ഞായർ (8 am) | : | കുടുംബവാര സമാപനം, സംഘടനാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകുന്നു. (വിശിഷ്ടാതിഥി : ശ്രീമതി. പ്രതിഭ, അസിസ്റ്റന്റ് പ്രൊഫസർ, ക്രിസ്ത്യൻ കോളേജ് കാട്ടാക്കട) |




സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

06.09.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്
13.09.2015 - ശ്രീ. രിജിക്കുഞ്ഞ് & ഫാമിലി, കീർത്തന
20.09.2015 - ശ്രീമതി. ബേബി Tr, റീജാഭവൻ
27.09.2015 - ശ്രീ. വിൽഫ്രഡ് രാജ് & ഫാമിലി, യൊസിസ്

## പാലിയേറ്റീവ് കെയർ

ജൂലൈ മാസം 52 സാധുക്കൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. ഒരാൾക്ക് 2000 രൂപയും, 2 പേർക്ക് 1000 രൂപയും, 20 പേർക്ക് 500 രൂപയും, 7 പേർക്ക് 250 രൂപയും ചികിത്സാസഹായമായി നൽകി. ഈ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## അനുമോദനം

വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും, വിശിഷ്ട അവാർഡുകൾ കരസ്ഥമാക്കിയവരെയും സെപ്തംബർ 20 ഞായർ ആരാധനയിൽ അനുമോദിക്കുന്നു. വിശിഷ്ടാതിഥിയായി റവ: ഡോ.ഇ.സഹനം അച്ചൻ എത്തിച്ചേരുന്നതാണ്.

## പുവർഫണ്ട് മാസാചരണം

പുവർഫണ്ട് മാസാചരണ സമാപനം സെപ്തംബർ 20 ഞായർ ആരാധനയിൽ നടക്കുന്നതാണ്. അന്നേദിവസം കവർ കളക്ഷനിലൂടെ ലഭിക്കുന്ന തുക സാധുക്കൾക്ക് വിതരണം ചെയ്യുന്നു. ഇതിൽ സഹകരിക്കാനാഗ്രഹിക്കുന്നവർ സെപ്തംബർ 20 നു മുൻപായി സംഭാവനകൾ നൽകുവാൻ അറിയിക്കുന്നു.

## സ്ത്രീജന സഖ്യം

❁ ആഗസ്റ്റ് 15-ാം തീയതി ശനിയാഴ്ച ഡിസ്ട്രിക്ടിന്റെ ധ്യാനയോഗം കാട്ടാക്കട സഭയിൽ വെച്ച് നടത്തപ്പെട്ടു. നമ്മുടെ സഭയുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

❁ സ്ത്രീജനസഖ്യം ഡിസ്ട്രിക്ട് കലാ-കായിക മത്സരങ്ങൾ സെപ്തംബർ 21 തിങ്കളാഴ്ച കാട്ടാക്കട സഭയിൽ വെച്ച് നടത്തുന്നു.

## യുവജന സഖ്യം

❁ സംഘടനാംഗമായ വൈ.ജെ. ജീനയ്ക്ക് വിവാഹധനസഹായമായി 10000/- രൂപ നൽകുകയുണ്ടായി.

❁ സി.ഇ.വൈ.എഫിന്റെ നേതൃത്വത്തിൽ നടക്കുന്ന ഭവന നിർമ്മാണത്തിന്റെ പണികൾ പുരോഗമിക്കുന്നു. ഈ പ്രവർത്തനത്തിൽ ഏവരുടെയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

❁ സംഘടനയുടെ നേതൃത്വത്തിൽ ഓണത്തോടനുബന്ധിച്ച് കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

❁ 21-9-2015 തിങ്കളാഴ്ച പൊൻമുടി കേന്ദ്രമാക്കി റിട്രീറ്റ് ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സെക്രട്ടറിയുടെ കൈവശം പേരുകൾ നൽകേണ്ടതാണ്.

## കരിയർ ഗൈഡൻസ് പ്രോഗ്രാം

യുവജന സംഘടനയുടെ നേതൃത്വത്തിൽ പി.എസ്.സി. പരീക്ഷാ പരിശീലനം വിജയകരമായി നടന്നുവരുന്നു. എല്ലാദിവസവും 6.30 മുതൽ 8.30 വരെ നടക്കുന്ന ഈ ക്ലാസ്സുകളിൽ സഭയിലെ എല്ലാ യുവതീയുവാക്കളും പങ്കെടുത്ത് ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

## ബാലജനസഖ്യം

- ബാലജനസഖ്യ ആരാധനയിൽ കഥാപുസ്തകങ്ങൾ നൽകി വരുന്നു.
- 8-8-2015-ൽ നടന്ന ഡിസ്ട്രിക്ട് കലാമത്സരത്തിൽ നമ്മുടെ സഭയ്ക്ക് 1-ാം സ്ഥാനം ലഭിക്കുകയുണ്ടായി.
- 30.8.2015-ന് ഏര്യാതല രചനാമത്സരങ്ങൾ നടക്കുകയുണ്ടായി. 5.10.2015 രാവിലെ 8 മണിമുതൽ നമ്മുടെ സഭയിൽ വച്ച് ഏര്യാതല കലാമത്സരങ്ങൾ നടക്കുന്നു.

### ആഗസ്റ്റ് മാസം ലഘുഭക്ഷണം സ്പോൺസർ ചെയ്തവർ

9.8.2015 ഡോ. പ്രകാശ് ജി. വില്യം, ദീപം & ഫാമിലി

16.8.2015 ശ്രീ. റിച്ചാർഡ് ജോയ്സൻ, ബഥേൽഹൗസ് & ഫാമിലി

23.8.2015 ശ്രീ. ഷിജു സത്യൻ & ശോഭിത ദാസ്

30.8.2015 ശ്രീ. ശോഭിതദാസ് & ഷിജു സത്യൻ

## ബാലജനസഖ്യം – ഡിസ്ട്രിക്ട്തല കലാമത്സര വിജയികൾ

**സബ്ജൂനിയർ**

ലളിതഗാനം

ആൺ - 1.മിലൻ ആർ.ബിനു

പെൺ - 2. ആഷ്ന

അഭിനയഗാനം

ആൺ - 1.മിലൻ ആർ.ബിനു

2. റിജോ എസ്.എസ്

പെൺ - 2. ആഷ്ന

സങ്കീർത്തന പാരായണം

1. മിലൻ ആർ. ബിനു

3. ലിൻസി അജിത്ത്

**ജൂനിയർ**

ലളിതഗാനം

ആൺ - 1. എവിൻ ഐ

2. അരുൺദാസ്

പെൺ - 1.ഹൃദ്യ ആർ.ആൻസലം

2.ഹർഷ ആർ.ആൻസലം

മോണോആക്ട്

3.ഹർഷ ആർ. ആൻസലം

ബൈബിൾ ക്വിസ്

2. മീട്ടു ആർ.ബിനു

3. അരുൺദാസ്

പെയിന്റിംഗ്

1. അരുൺദാസ്

ചിത്രരചന

1. അബിജിത്ത്

2. എവിൻ

കാർട്ടൂൺ

1. സൂര്യ

2. അബിജിത്ത്

സംഘനൃത്തം

ഹൃദ്യ ആർ.ആൻസലം & പാർട്ടി

**സീനിയർ**

ലളിതഗാനം

1. ജിജോ ജെ. സുധാകർ

കഥാപ്രസംഗം

2. സൂര്യ എസ്

ബൈബിൾ ക്വിസ്

2. ഷിൻസി അജിത്ത്

പെയിന്റിംഗ്

2. അബിജിത്ത്

3. ബിൻസി

ചിത്രരചന

1. ബിൻസി

കാർട്ടൂൺ

2. ഷിൻസി

ചർച്ച് ഓർഗൺ

1. ജിജോ ജെ. സുധാകർ

3. റോജേഷ്

സമൂഹഗാനം

3. ജിജോ ജെ.സുധാകർ &പാർട്ടി

# സ്മരണാഞ്ജലി



**ജി. ജപദാസ്**
ജനനം: 10.2.1939
മരണം: 10.7.2012



**ക്രിസ്റ്റൽ ബായ്**
ജനനം: 30-07-1948
മരണം: 24-09-2011

സ്നേഹ സ്മരണകളോടെ സെബാസ്റ്റ്യൻ & ഫാമിലി സുജ ഭവൻ

## വേർപാടിന്റെ 3-ാം വർഷം



**ബഞ്ചമിൻ**
മ്യൂസിക് ഭവൻ
ഭാര്യ - ജസീന്ത ടീച്ചർ
മക്കൾ - നിമ്മി ബഞ്ചമിൻ
- നിബിൻ ബഞ്ചമിൻ
മരുമക്കൾ - വിൻസെന്റ്
ചെറുമക്കൾ - ശ്രേയ, ശ്രദ്ധ



പുവർ ഫണ്ട്
മാസാചരണം
കവർ കളക്ഷൻ ഉത്ഘാടനം



സൺഡേസ്കൂൾ അദ്ധ്യാപകയോഗം

# 40 – ാം വിവാഹ വാർഷികം

## പ്രൊഫ.എഡ്വിൻ വില്യം & റസിലം എഡ്വിൻ ടീച്ചർ

### കൊച്ചുബഥേൽ



| | | |
|---|---|---|
| മക്കൾ: | ദീപാജസ്റ്റിൻ | ദീപേഷ് എഡ്വിൻ |
| മരുമക്കൾ: | ജസ്റ്റിൻരാജ് | ഡോ.വിൻസി ദീപേഷ് |
| കൊച്ചുമക്കൾ: | ജെസ്സി.ജെ.ഡി. & ജിസ്സി.ജെ.ഡി | എസ്ഥേർവില്യം |



# 1–ാം വിവാഹ വാർഷികം

11-09-2015

ലിജോദാസ്. ജി.എസ് & സുമി. ആർ.എസ്
ലിജോഭവൻ

## അനുമോദനങ്ങൾ




**ഷിബിദാസ്. സി.സി**
ക്രൈസ്റ്റ് കോട്ടേജ്
ഇക്കണോമിക്സിൽ
SET ലഭിച്ചു



**വിപിൻ ദാസ്**
പൗർണ്ണമി
BHMS പാസ്സായി



**അർഷ ജീവൻ**
ആയുർവേദ ഫാർമസിസ്റ്റായി
PSC നിയമനം ലഭിച്ചു



## 2nd Birthday

Sana. S.P

With best wishes
Pradeep.D, Sherly.C.T
& Sneha. S.P



ഗംഗാധരൻ നാടാർ. പി

## വേർപാടിന്റെ ഒന്നാം വർഷം

10–9–2015

സ്നേഹ സ്മരണകളോടെ

മക്കൾ – ആനന്ദ്.ജി.എസ്
ജ്യോതി.ജി.എസ്

ഭാര്യ – ബി.സുലോചനകുമാരി



## സ്മരണാഞ്ജലി



**ജെ. ഇതിയേൽ**
ജനനം: 02.01.1918
മരണം: 16.06.2001

**ജെയിനമ്മാൾ ശാന്തം**
ജനനം: 27.10.1922
മരണം: 07.09.2009

സ്നേഹ സ്മരണകളോടെ രാജൻ & ഫാമിലി ഗിലെയാദ്



# വിവാഹവാർഷിക ആശംസകൾ

## September


വിജയൻ & സുനിത, വിജയഭവൻ 1
പ്രശാന്ത് ജി. വില്യം Tr, & ബഷീബ, ദീപം 1
വീജയദാസ് & ശകുന്തള, ചാമവിള 2
ഗ്ലാസ്റ്റൺവില്യം Tr, & വനജ Tr, ദീപം 2
വൽസല കുമാർ & ഉഷ, പ്ലാവിളപുത്തൻവീട് 2
വിൽഫ്രഡ്രാജ് & മഞ്ജു, കിള്ളി 2
അജിത്കുമാർ & സുനി,കുമാർ ബിൽഡിംഗ്സ് 3
വിൽഫ്രഡ്രാജ് & സ്മിത ജെ.ആർ, ഒയാസിസ് 3
സെബാസ്റ്റ്യൻ & ലതി, സുജഭവൻ 4
D.മിഖായേൽ&സിസിലറ്റ്ബായ്,ഷൈൻനിവാസ് 4
റിച്ചാർഡ്ജോയ്സൻ & സെലീനതങ്കം, ബഥേൽഹൗസ് 4
രാജേഷ് & സന്ധ്യ, കോട്ടൈക്കോണം 4
ജോൺസൻ & എലിസബത്ത്, കുഴലാർ 4
രാജേഷ് & സുമ, സായൂജ്യം 4
ക്രിസ്തുദാസ്&ഐറിൻസുധ,ലിറ്റിൽഹൗസ് 5
ജപസിംഗ് & ലീലാഭായി, ഷാജിഭവൻ 5
അരുൺ.E.V & അഭയ R.സംഗീത,സീയോൻ 5
ഷിബി.ഇ & രമ്യ, ഷിബിഭവൻ 5
R.വിമൽരാജ് & മേബൽഗ്ലോറി Tr, രാജ്ഭവൻ 6
യേശുദാസൻ &റേച്ചൽക്രിസ്റ്റൽ,ചിത്രാലയം 6
ദേവദാനംസാരസം & മെറ്റിൽരാജി,സാരസംഹൗസ് 6
വിനിൽജോസ് &വിജിതാറാണി,ജോസ്ഭവൻ 6
വിൻസെന്റ് & പുഷ്പിതാവിൻസെന്റ്, വിൽസ്ഭവൻ 8
ഡിറ്റോമോൻ & രമ്യാജാസ്മിൻ,D.R.ഭവൻ 8
എലിശ & വിത്സമ്മ, ലിറ്റിൽഭവൻ 9
ഐസക് & വൈലറ്റ് സെറീന, കുഴലാർ 9
ഗോപാൽരാജ് &സുമംഗലാബായിTr,സുജനിവാസ് 10
അജിത്രാജ് & ഷീബാലത, ഗ്രീൻവില്ല 10
ഡാർവിൻ ജോർജ്ജ് & നിർമ്മല,ബഥേൽഹൗസ് 10
സജി റ്റി.എസ്. & ലാജി Tr, തോമസ് ഭവൻ 11
ലിജോദാസ്.G.S & സുമി.R.S, ലിജോഭവൻ 11
എൻ. രവി & ബിന്ദു, രാഖീഭവൻ 12
വിൽഫ്രഡ് സത്യരാജ് & രത്നകുമാരി, തേനീർനിലയം 12
ജോസ് കുമാർ & ഇവാഞ്ചലിൻ, ദർശന 12
ജസ്റ്റസ്ജോൺ & സുമംഗല,തലയ്ക്കൽവിളാകം 12
ശോഭനദാസ് & സലീല,, M.S. .കോട്ടേജ് 12
ചെല്ലകുഞ്ഞ് & ലളിത, രിജിഭവൻ 13
സെൽവരാജ് & ത്രേസ്യാമ്മ,തലയ്ക്കൽവിളാകം 13
ജസ്റ്റിൻജോസ് & ഷെജി, ചാമവിള 13
ജസ്റ്റസ് &പുഷ്പകുമാരി,പാരഗൺഹൗസ് 14
J.രത്നരാജ് Tr, & സുലോചനബായ് Tr, ഡയിൻസ്ഭവൻ 14
ഷൈൻരാജ് &സാനിയസത്യൻ,ദീപാകോട്ടേജ് 14
അജിത്വിത്സ്നിർമ്മൽ & ഗിൽഡാഅജിത് Tr, പേൾഗാർഡൻ 15
സുനിൽകുമാർ & ഫ്ളോറൻസ് സ്റ്റിബിനിറ്റ്, കുമാർ ബിൽഡിംഗ്സ് 15
ലോറൻസ് & ഗ്രേസി, പ്രശാന്ത് ഭവൻ 15
ഇബനീസർ & ഉഷ, പാലേലി 15
രജിത് & കിരൺസോഫിയ, വലിയവിള 15
ലിനു & അനിഷ, നാവെട്ടിക്കോണം 15
ബിനു & ഷിബിനാബാബു, പുലിയൂർക്കോണം 15
വിജയൻ & ക്രിസ്റ്റീനാൾ, വിദ്യാഭവൻ 16
ശോഭനദാസ് & ശശികല, ചോലയിൽ 16
വിജയരാജ് & സുജ, കുഴലാർ 19
സാംസുലോസാലിൻസ്ദാസ് & ജയചിത്ര, അരോമ 19
രതീഷ് കുമാർ.T.O & ആൻസി.S.P,ഉടയാൻകുഴി 19
വിനീത് റോബർട്ട് & മിലി, റോം 21
വിജയദാസ് & സരോജം, കൊല്ലവിളാകം 25
ജീവൻ.S.ജോയ് & അർഷ, ബഥേൽഹൗസ് 26
സൈമൺ & കമലാബായ്, പ്രദീപ് മന്ദിരം 28
സ്റ്റാൻലിജോൺ & പ്രമീള, പാലേലി 30




# പ്രധാന പ്രോഗ്രാമുകൾ
## സെപ്തംബർ 2015

| | | | | |
|---|---|---|---|---|
| 6 | ഞായർ | 8.00 | AM | വിശുദ്ധ തിരുവത്താഴ ആരാധന |
| | | 11.00 | AM | വികസന കമ്മിറ്റി |
| | | 12.00 | PM | കരിയർ ഗൈഡൻസ് പ്രോഗ്രാം കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.രിജിക്കുഞ്ഞ്, കീർത്തന) |
| 8 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 10 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 13 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.ഗ്ലാഡ്സ്റ്റൻ വില്യം ടീച്ചർ, ദീപം)) |
| 17 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 19 | ശനി | 9.30 | AM | [illegible] |
| 20 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന, പുവർഫണ്ട് മാസാചരണ-സമാപനം, അനുമോദനം |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| 24 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 27 | ഞായർ | 7.00 | AM | ഇംഗ്ലീഷ് ആരാധന |
| | | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |

## ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ



9.9.2015 (ബുധൻ) ഷൈൻ.വി.ജി, ഷീനാഭവൻ

16.9.2015 (ബുധൻ) നിനിൽശശി, നിനിഭവൻ

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

## Sept:

| | |
|---|---|
| റവ.ജോസഫ് ആംബ്രോസ്, ശേഖേന | 1 |
| സന്ധ്യ - പ്ലാവിള | 1 |
| വിൽസ്രാജ് ജെ. - ബിനുഭവൻ | 1 |
| അജിൻ എ.എം. - അജിത് കോട്ടേജ് | 1 |
| സന എസ്.പി. - രത്നപ്രഭാമന്ദിരം | 1 |
| തങ്കരാജ് റ്റി. - കരിയംകോട് | 3 |
| വിജയ്റോബർട്ട് - റോം ഉള്ളൂർ | 3 |
| അലൻ എസ്.എസ്. - ഉഷസ് | 3 |
| അനുഷ എസ്.ആർ.-അരുവിമുഖം | 3 |
| അന്ന എസ്.ഷെറിൻ - ഷെറിൻ ഭവൻ | 3 |
| ജോൺസ് - ഒറ്റപ്ലാവിള | 4 |
| ആഷ്ന എസ്. ഷൈൻ - ലീലാകോട്ടേജ് | 4 |
| രിജികുഞ്ഞ് - രിജിഭവൻ | 5 |
| നികിതാരാജ് - അനിഴം | 5 |
| ദാസമ്മ - മൂങ്ങോട് | 5 |
| സാജൻ എസ്. - മശിഹാഭവൻ | 5 |
| രത്നദീപം - നിനി നിവാസ് | 6 |
| സരസാബായ് - പ്രശാന്ത് | 6 |
| ബർട്ടിൻ ജോസ് - ജോസ് ഭവൻ | 6 |
| ജിജിൻ വൈ.ജെ. - ചോലയിൽ | 6 |
| വിജയൻ റ്റി. - വിജയഭവൻ | 6 |
| ജെറിൻ - ഒറ്റപ്ലാവിള | 6 |
| അനിൽകുമാർ - തെങ്ങുപള്ളി | 7 |
| സിസ്സലറ്റ്ബായ് - ഷൈൻനിവാസ് | 7 |
| വിജയദാസ് - കൊല്ലംവിളാകം | 7 |
| ആഷിൻ - അജസ് | 8 |
| സ്റ്റാൻലി കെ. - അരുവിമുഖം | 9 |
| ആര്യ - സൂര്യഭവൻ | 9 |
| ആർ. സാംരാജ് - വഴിയോരം | 9 |
| എ. വിനോദ് - കാക്കകോണം | 10 |
| ബേബി, പാലേലി | 10 |
| കുമാരദാസ് - കെ.ജി. ഭവൻ | 11 |
| അന്ന എസ്. മോഹൻ-ഇമ്മാനുവേൽ | 11 |
| ലിൻസി അജിത് - ഗ്രീൻവില്ല | 11 |
| ലളിത - രിജിഭവൻ | 12 |
| ലില്ലിഭായ് - പ്രസാദ് ഭവൻ | 12 |
| റൈറ്റസ് - പ്രശാന്ത് | 12 |
| ബിജോയ് - ബർഷേബ | 12 |
| രോഹിത് - പുതുവയ്ക്കൽ | 12 |
| ബേബി - കരിച്ചാറവിള | 13 |
| ജിൻസോരാജ് - കാര്യോട്ടുകോണം | 13 |
| മിനി അജിത് - ശ്രേഷ്യാ | 13 |
| സത്യദാസ് - പുല്ലുവിളാകം | 14 |
| ചന്ദ്രൻ - റിയാഭവൻ | 14 |
| അലീന - എ.കെ. നിവാസ് | 14 |
| സത്യൻ - മുണ്ടപ്പള്ളി | 15 |

| | |
|---|---|
| കനകമ്മ പ്രദീപം - കാരുണ്യ | 16 |
| നിമ എസ്.എസ്. - ഷാലോം | 16 |
| പൊന്നമ്മ - പ്ലാവിള | 17 |
| ലെനിൻ - കുഴിവിള | 17 |
| ശോഭി - നീർവാളകുഴി | 17 |
| സോമൻ പി. - ബഥനി | 17 |
| ഷൈൻ ജോയ് - സാന്ത്വനം | 18 |
| സെൻസി എസ്. രാജ് - തോട്ടമ്പറ | 18 |
| എബിൻ എ.വി. - അരുവിമുഖം | 18 |
| ജോസ്കുമാർ - പൂഞ്ഞാംകോട് | 19 |
| ഷെർവിൻ എ.പി. - ശാരോൻ | 19 |
| നീനു എസ്. മോഹൻ - മൂങ്ങോട് | 19 |
| വത്സരാജ് ജി. - അനിഴം | 20 |
| ബെൻസൻ റ്റി. ഡാനിയൽ-ഗിരിഭവൻ | 20 |
| സത്യജയസിംഗ് - സത്യഭവൻ | 20 |
| ശാന്തകുമാരി - വഴിയോരം | 20 |
| മേരി - ചോലയിൽ | 20 |
| സുധീഷ് - കുറ്റയത്ത് വീട് | 21 |
| ജനറ്റ് - കുഴിവിള | 22 |
| ജോൺ ജി. - പത്മവിലാസം | 22 |
| ലില്ലി - കുഴലാർ | 23 |
| അഭിജിത് - ആലമുക്ക് | 23 |
| ലതി എൽ.ആർ. - സുജഭവൻ | 24 |
| ഷാൻരാജ് സി.ഡി. - ദീപാകോട്ടേജ് | 24 |
| സഞ്ജു ജെ. തോമസ്-ഗ്രേസ്നിവാസ് | 24 |
| നിബിൻ - പ്രശാന്ത് | 24 |
| സയനാരാജ് - ജയിഡാ വിലാസം | 24 |
| എഡ്വിൻ - സ്മിതാഭവൻ | 25 |
| അജിത്കുമാർ-കുമാർ ബിൽഡിംഗ്സ് | 25 |
| റാണി പ്രവീണ - ചിത്രാലയം | 25 |
| മേരി - പണയിൽവീട് | 25 |
| സിയശനു - ശനുനിവാസ് | 25 |
| ഷാജി എൽ.പി. - സത്യഭവൻ | 26 |
| ഹൈമജി Tr.- വിത്സ് ഭവൻ | 26 |
| വിനീഷ് - വന്ദന | 26 |
| അന്നമ്മ - പാരഡൈസ് | 26 |
| നിമിമോൾ W.S. പ്രദീപം - മഹിമ | 26 |
| വിജയരാജ് - കുഴലാർ | 27 |
| സ്നേഹ എം. ജോയ് - സാന്ത്വനം | 28 |
| അശ്വതി ബി. സാബു - കാക്കമുകൾ | 28 |
| സെൽവദാസ് - ഗ്രേസ് ഗാർഡൻസ് | 29 |
| തുഷാര സ്റ്റിൽവിൻ - പ്രശാന്ത് | 29 |
| അജിത് കുമാർ എസ്.-അജിത് കോട്ടേജ് | 30 |
| അഭിൻ ബി.എസ്. - അഭി | 30 |
| ജിധിൻ എസ്. രാജേഷ് - പത്മവിലാസം | 30 |

## ബാലജനസഖ്യം – സഭാതല കായിക മത്സര വിജയികൾ

**5 വയസ്സുവരെയുള്ളവർ**

**50 മീ. ഓട്ടം, കളർ വേർതിരിക്കൽ, പുന്നയ്ക്ക പറക്കൽ**

ആൺ - 1.ഫെവിൻ  പെൺ - 1.അനീറ്റ

**സബ്ജൂനിയർ**

**100 മീ. ഓട്ടം**

ആൺ - 1. അബിഷേക് ആർ.പി
2. അനൂപ് എസ്. എസ്

പെൺ - 1. ആഷ്ന എസ്. ഷൈൻ
2. ദിയ എയ്ഞ്ചൽ

**പുന്നയ്ക്ക പറക്കൽ**

ആൺ - 1. അബിഷേക് ആർ. പി
2. സുനിൽ എസ്

പെൺ - 1. ആഷ്ന എസ്. ഷൈൻ
2. ദിയ എയ്ഞ്ചൽ

**കളർ വേർതിരിക്കൽ**

ആൺ - 1. അബിഷേക് ആർ. പി
2. അനൂപ് എസ്. എസ്

പെൺ - 1. ആഷ്ന എസ്. ഷൈൻ
2. ലിൻസി അജിത്ത്

**ജൂനിയർ**

**100 മീ. ഓട്ടം**

ആൺ - 1. അഭിജിത്ത് എസ്
2. സോജിൻ എസ്. എസ്

പെൺ - 1. ആര്യ
2. ആനി വിൽഫ്രഡ്

**കസേരചുറ്റൽ**

ആൺ - 1. എവിൻ എസ്. ജെ
2. അതുൽ എസ്

പെൺ - 1. ആര്യ
2. നീതു ബി

**സൂചിയും നൂലും കോർക്കൽ**

ആൺ - 1. എവിൻ എസ്. ജെ
2. അതുൽ എസ്

പെൺ - 1. നീതു ബി
2. ആനി വിൽഫ്രഡ്

**ലെമൺ & സ്പൂൺ**

ആൺ - 1. അരുൺദാസ്
2. എവിൻ എസ്. ജെ

പെൺ - 1. ആര്യ
2. നീതു ബി


**സീനിയർ**

**100 മീ. ഓട്ടം**

ആൺ - 1. ജിൻസോരാജ്
2. നിതിൻ വി. മോഹൻ

പെൺ - 1. സ്നേഹ ദാസ് എസ്. എസ്
2. ബിൻസി അജിത്ത്

| വരവ് – ചെലവ് ജൂലൈ 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 174042 | 76017 | 12256 | | 90620 |
| ചെലവ് | 244264 | 107098 | 4330 | | 119532 |
| നീക്കിയിരിപ്പ് | – | – | 7926 | | – |
| അധികചെലവ് | 70222 | 31081 | – | | 28912 |





വിൽഫ്രഡ് രാജ്

# *ഇന്ത്യയിൽ വന്ന* അപ്പോസ്തലൻ

1950 വർഷങ്ങൾക്ക് മുൻപ് ഇന്നത്തെ പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിൽ തക്ഷശില നഗരം തലസ്ഥാനമാക്കി ഗോണ്ടോഫെറസ് എന്നൊരു രാജാവ് ഭരിച്ചിരുന്നു. അദ്ദേഹം തന്റെ സഹോദരിക്ക് വിവാഹ സമ്മാനമായി മനോഹരമായ ഒരു കൊട്ടാരം പണിതുനൽകാൻ ആഗ്രഹിച്ചു. ഇതിനുവേണ്ടി ശിൽപിയെ വേണമെന്ന്, റോമിൽ നിന്ന് വന്ന കച്ചവടക്കാരോട് അറിയിച്ചു. ചില മാസങ്ങൾക്ക് ശേഷം മധ്യേഷ്യയിൽ നിന്ന് ഒരു ശിൽപിയെത്തി. അയാളുടെ പ്രാഗത്ഭ്യം ബോദ്ധ്യപ്പെട്ട രാജാവ്, കൊട്ടാരത്തിന്റെ നിർമ്മാണ ചുമതല അയാളെ ഏൽപ്പിച്ചു. ശിൽപി ആവശ്യപ്പെട്ടതത്രയും പണവും നൽകി. എന്നാൽ ശിൽപിയാകട്ടെ, തനിക്ക് ലഭിച്ച പണമത്രയും പാവങ്ങൾക്ക് വിതരണം ചെയ്യുകയും, അവരോട് യേശുവിന്റെ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു.

തോമസ് ശ്ലീഹ എന്ന് നമ്മളറിയുന്ന ക്രിസ്തുശിഷ്യനായിരുന്നു ആ ശിൽപി. യൂദാസ് എന്നായിരുന്നു യഥാർത്ഥ പേര്; എബ്രായ ഭാഷയിൽ "സ്തുതി" എന്നർത്ഥം. തോമസ് എന്ന വാക്കിന് എബ്രായ-അരാമ്യ ഭാഷകളിൽ "ഇരട്ട" എന്നർത്ഥം. ഗ്രീക്ക് ഭാഷയിൽ ഇതിന് തുല്യമായ പദം "ദിദിമോസ്" എന്നാണ്. ഇരട്ട സഹോദരന്മാരിൽ ഒരാളായിരുന്നു തോമസ് അപ്പൊസ്തലനെന്ന് കരുതപ്പെടുന്നു. തോമസിന്റെ ഇരട്ടസഹോദരൻ ആരാണെന്ന കാര്യത്തിൽ ചരിത്രകാരന്മാർക്ക് ഏകാഭിപ്രായമില്ല.

കൊട്ടാരം പണിയാരംഭിച്ച ഗൊണ്ടോഫെറസിന്റെ കഥയിലേയ്ക്ക് നമുക്ക് തിരികെയെത്താം. ചില മാസങ്ങൾക്ക് ശേഷം, കൊട്ടാരത്തിന്റെ നിർമ്മാണ പുരോഗതി നേരിൽ കാണാൻ രാജാവെത്തി. തന്റെ സുവിശേഷവയൽ പ്രദേശം രാജാവിനെ നേരിൽ

കാണിച്ച തോമസ് ശ്ലീഹ, രാജാവാഗ്രഹിച്ച കൊട്ടാരം സ്വർഗത്തിലാണ് പണിയപ്പെടുന്നതെന്ന് വിശദീകരിച്ചു. ഇതെപ്പറ്റി കൂടുതലറിയാൻ രാജാവിന് താൽപര്യമായി. സുവിശേഷത്തിന്റെ മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ തോമസ് ഗോണ്ടോഫെറസിനോട് വെളിപ്പെടുത്തി. തുടർന്ന് രാജാവും ഇളയ സഹോദരനും യേശുവിൽ വിശ്വസിക്കുകയും, സ്നാനമേറ്റ് ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. അങ്ങനെ ലോകചരിത്രത്തിൽ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച രാജാവ് എന്ന ഖ്യാതി ഇൻഡ്യ ഭരിച്ച ഗോണ്ടോഫെറസ് സ്വന്തമാക്കി (ക്രിസ്തുവർഷം 44).

ക്രിസ്തുവിനും 326 വർഷങ്ങൾക്ക് മുമ്പ് ഇൻഡ്യ ആക്രമിച്ച മഹാനായ അലക്സാണ്ടർ, മടക്കയാത്രയിൽ ഇറാഖിൽ വച്ച് മരണമടഞ്ഞു. തുടർന്ന്, അലക്സാണ്ടറുടെ കീഴിൽ വന്ന ഇൻഡ്യൻ പ്രദേശങ്ങളുടെ ഭരണം അദ്ദേഹത്തിന്റെ സേനാനായകന്മാർ ഏറ്റെടുത്തു. ഇവർ സ്ഥാപിച്ച ഇൻഡോ-പാർഥിയൻ എന്ന രാജവംശത്തിൽപ്പെട്ട ഗോണ്ടോഫെറസ് എന്ന ഗോണ്ടോഫെർണസ് നാലാമൻ (എ.ഡി.20 – എ.ഡി.46) ആണ് മേൽ പരാമർശിക്കപ്പെട്ടത്.

ഗോണ്ടോഫെറസിന്റെ മരണശേഷം വിശുദ്ധ തോമസ് കപ്പലിൽ കയറി തെക്കേ ഇൻഡ്യയിലേയ്ക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ അദ്ദേഹം മഹാരാഷ്ട്രയിലെ കല്യാൺ എന്ന തുറമുഖ നഗരത്തിൽ കുറച്ചുകാലം ചിലവഴിച്ചെന്നും അവിടെ നടത്തിയ സുവിശേഷ പ്രചരണത്തിലൂടെ ഗണ്യമായ ഒരു വിഭാഗം ക്രിസ്തുമതം സ്വീകരിച്ചെന്നും വിശ്വസിക്കപ്പെടുന്നു. തോമസിന് ലഭിച്ച ഒരു വലിയ താലന്തായിരുന്നു എളുപ്പത്തിൽ ഭാഷകൾ പഠിക്കാനുള്ള കഴിവ്. ഇന്ത്യയെപ്പോലെ അനവധി ഭാഷകൾ നിറഞ്ഞ ഒരു രാജ്യത്ത് തോമസിനെ നിയോഗിച്ചതിനു പിന്നിലുള്ള പരിശുദ്ധാത്മാവിന്റെ കരുതൽ ഇതായിരുന്നിരിക്കാം. മാതൃഭാഷയായ അരാമ്യ കൂടാതെ ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു എന്നീ ഭാഷകൾ അറിയാമായിരുന്ന തോമസ് പെഷവാറിലെ താമസത്തിനിടയിൽ സംസ്കൃതവും ഹൃദിസ്ഥമാക്കി. തെക്കേ ഇന്ത്യയിലെ പ്രബലഭാഷയായിരുന്ന തമിഴും പിന്നീടദ്ദേഹം പഠിച്ചെടുത്തു.

ഗലീലയിൽ ജനിച്ച തോമസ് കെട്ടിടനിർമ്മാണ മേൽനോട്ടം (builder) തൊഴിലായി സ്വീകരിച്ചതായി കരുതപ്പെടുന്നു. സിറിയയിലെ ക്രിസ്ത്യാനികൾക്കിടയിൽ അതിപുരാതനകാലം മുതൽക്കുതന്നെ തോമസിനെ സൂചിപ്പിക്കാനായി ചതുരം ഉപയോഗിക്കുന്ന പതിവുണ്ടായിരുന്നു. ഇത് കെട്ടിടത്തെ സൂചിപ്പിക്കുന്ന എളുപ്പമുള്ള ഒരു അടയാളമാണ്. തോമസ് യേശുവിന്റെ ശിഷ്യനായതെങ്ങനെയെന്നത് സംബന്ധിച്ച് അധികമൊന്നുമറിയില്ല. യോഹന്നാൻ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ, യേശുവിന്റെയൊപ്പം മരിക്കാൻപോലും തയാറാകുന്ന ധീരനായ തോമസിനെയാണ് കാണുന്നത്; യോഹന്നാൻ 14-ൽ തോമസിന്റെ അടക്കാനാകാത്ത ജിജ്ഞാസയും.

കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം ചേർന്ന ശിഷ്യന്മാരുടെ യോഗത്തിൽ, ഓരോരുത്തർക്കും സുവിശേഷം അറിയിക്കാനുള്ള പ്രദേശങ്ങൾ വീതിച്ചുനൽകി. അന്നത്തെ ഏറ്റവും സമ്പന്നരാജ്യമായ ഇന്ത്യയിലേക്ക് തോമസ് നിയോഗിക്കപ്പെട്ടത് ഈ യോഗത്തിൽ വച്ചായിരുന്നു. തോമസ് ആദ്യം ഇന്ത്യയിലേക്ക് വരാൻ മടിച്ചു. എന്നാൽ, ക്രമേണ കടക്കാരനായി മാറിയ തോമസ്, കടം വീട്ടാനാകാത്തതിൽ ഒരു കച്ചവടക്കാരന്റെ അടിമയായി മാറുകയായിരുന്നു. ഈ കച്ചവടക്കാരനോടൊപ്പം ഇന്ത്യയിൽ വരുമ്പോഴാണ്, തോമസ് ഗോണ്ടോഫെർണസ് രാജാവിന്റെ കൊട്ടാരത്തിൽ വരാനിടയായത്.

കേരളത്തിൽ സെന്റ് തോമസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പല ഐതിഹ്യങ്ങളുമുണ്ട്. തോമസ് കേരളത്തിൽ കാലുകുത്തിയത് കൊടുങ്ങല്ലൂരിൽ

ആയിരുന്നു. റോമാചക്രവർത്തിമാരുടെ പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ധാരാളം യഹൂദന്മാർ കൊടുങ്ങല്ലൂരിലും സമീപത്തുള്ള മാളയിലും താമസമുറപ്പിച്ചിരുന്നു. ഇവിടെയെത്തിയ തോമസ് ഒരു ദിവസം ഏഴ് ബ്രാഹ്മണന്മാർ ഒരു കുളത്തിൽ സൂര്യനമസ്കാരം നടത്തുന്നത് കാണാനിടയായി. പൂജയുടെ അവസാനം അവർ കൈക്കുടന്നയിൽ വെള്ളമെടുത്ത് മുകളിലേയ്ക്ക് തെന്നി വീഴ്ത്തി. പൂജകഴിഞ്ഞപ്പോൾ, 'നിങ്ങളെന്തിനാണ് വെള്ളം മുകളിലേയ്ക്ക് കോരിയൊഴിച്ചതെന്ന് തോമസ് അവരോട് തിരക്കി. തങ്ങൾ വെള്ളംകൊണ്ട് ദൈവത്തിന് അർച്ചന ചെയ്തതാണെന്ന് അവർ മറുപടി നൽകി. 'എന്നിട്ട് ദൈവം നിങ്ങളുടെ അർച്ചന സ്വീകരിച്ചോ? എന്നായി തോമസ്. 'അതെ'യെന്ന് അവർ ഉത്തരം നൽകിയെങ്കിലും 'അങ്ങനെയെങ്കിൽ നിങ്ങൾ മുകളി ലേക്കെറിഞ്ഞ വെള്ളം താഴേയ്ക്ക് തിരികെ വന്നതെന്ത് കൊണ്ട്? എന്ന മറുചോദ്യത്തിന് ഉത്തരം ലഭിച്ചില്ല. 'ഞാൻ പൂജ ചെയ്താൽ ദൈവം അത് സ്വീകരിക്കും. ഞാൻ മുകളിലേയ്ക്കെറിഞ്ഞാൽ വെള്ളം തിരികെ ഭൂമിയിൽ വരില്ല' എന്ന് തോമസ് പറഞ്ഞ പ്പോൾ കാണട്ടെയെന്നായി അവർ. തോമസ് പ്രാർത്ഥനയോടെ മുകളിലേയ്ക്കെറിഞ്ഞ വെള്ളം ഭൂമിയിലേയ്ക്ക് തിരികെ വന്നില്ല. അത്ഭുതം കൊണ്ട് വാപൊളിച്ച് നിന്നുപോയ ബ്രാഹ്മണന്മാരോട് തോമസ് യേശുവിനെപ്പറ്റി വിവരിച്ചു. പ്രഭാഷണം കഴിഞ്ഞപ്പോൾ ഒരിക്കൽ താൻ മുകളിലേയ്ക്കയച്ച വെള്ളം ഭൂമിയിൽ തിരികെ വരുന്നത് കാണണമോ എന്നായി തോമസ്. കാണാൻ അവർ താല്പര്യം പ്രകടിപ്പിച്ചപ്പോൾ, തോമാശ്ലീഹാ പ്രാർത്ഥനാനിരതനായി. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആകാശത്തുനിന്ന് പുഷ്പവൃഷ്ടിയുണ്ടായി. അങ്ങനെ ആ ഏഴ് ബ്രാഹ്മണന്മാരും ക്രിസ്ത്യാനികളായി ത്തീർന്നു.

തുടർന്ന് കേരളം മുഴുവൻ സഞ്ചരിച്ച സെന്റ് തോമസിന്റെ പ്രവർത്തനങ്ങളിലൂടെ വിവിധ സമുദായങ്ങളിൽ നിന്നും നിരവധിപേർ ക്രിസ്തുവിന്റെ മാർഗ്ഗം സ്വീകരിച്ചു. കേരളത്തിൽ തോമസ് 'ഏഴരപ്പള്ളികൾ' സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. ഇതിൽ 'അരപ്പള്ളി' കന്യാകുമാരി ജില്ലയിൽ മാർത്താണ്ഡത്തിന് സമീപമാണ് സ്ഥിതിചെയ്യുന്നത്. രാജാവ് (അരചൻ) എല്ലാ സഹായങ്ങളും ചെയ്ത് നൽകിയതിനാലാണ് ഇതിന് 'അരപ്പള്ളി' എന്ന് പേര് ലഭിച്ചതെന്ന് ഒരുകൂട്ടർ കരുതുന്നു. യരുശലേം ദേവാലയത്തിലെ ബലിപീഠത്തിന്റെ (മദ്ബഹ) പകുതി(അര)യാണ് ഈ ചെറിയപള്ളിയുടെ ആകെ വലുപ്പം. അതിനാലാണ് ഈ ദേവാലയത്തെ അരപ്പള്ളി എന്ന് വിളിക്കുന്നതെന്ന് കരുതുന്നവരും ഏറെ. ഒരു നിർമ്മാണ വിദഗ്ധൻ കൂടിയായ തോമസ് തന്നെയാണ് ഈ പള്ളിയുടെ ഡിസൈൻ നിർവഹിച്ചതെന്ന് കരുതപ്പെടുന്നു.

കന്യാകുമാരിയിൽ നിന്ന് തോമാശ്ലീഹ ഇന്നത്തെ തമിഴ്നാട്ടിലേക്കാണ് പോയത്. അവിടെയും ധാരാളംപേർ ക്രിസ്ത്യാനികളായിത്തീർന്നു. എന്നാൽ അസഹിഷ്ണുക്കളാ യിത്തീർന്ന വിഗ്രഹാരാധികൾ, മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽ വച്ച് തോമസിനെ കുന്തം കൊണ്ട് കുത്തിക്കൊന്നു. ഇൻഡ്യയുടെ മതേതര പാരമ്പര്യത്തെയും സഹിഷ്ണുതയെയും കുറിച്ച് വെറുതെ ഊറ്റം കൊള്ളുന്നവർ സൗകര്യപൂർവ്വം ഈ രക്തസാക്ഷിത്വം മറന്നുകളയുന്നു. തോമാശ്ലീഹയുടെ മരണത്തെത്തുടർന്ന് ഹിന്ദുക്കൾ നടത്തിയ സംഘടിതശ്രമത്തിലൂടെ തമിഴ്നാട്ടിൽനിന്നും, കല്ല്യാണിൽ നിന്നും പെഷവാറിൽ നിന്നുമൊക്കെ ക്രിസ്ത്യാനികൾ പൂർണ്ണമായി ഇല്ലാതായി. തമിഴ്നാട്ടിൽ നിന്ന് ക്രിസ്ത്യാനികൾ അഭയാർത്ഥികളായി കേരളത്തിൽ വന്നതിന് ചരിത്രരേഖകൾ തെളിവായുണ്ട്.

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് തോമസിനുണ്ടായിരുന്ന സംശയത്തെപ്പറ്റി പരിഹാസരൂപേണയും, കുറ്റപ്പെടുത്തലിന്റെ രൂപത്തിലും നമ്മൾ പ്രസംഗിക്കുന്നു. എന്നാൽ 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' എന്ന ഏറ്റുപറച്ചിലിന്റെ ആഴത്തെപ്പറ്റി ഒരു നിമിഷം മൗനമായി ധ്യാനിക്കാൻ നമുക്കാകുമോ? ○

# പൊതുവിജ്ഞാനം

ബിനു. ജി. ആർ

## നൂറ്റാണ്ടിന്റെ പ്രതിഭകൾ – 17



**നെൽസൺ മണ്ടേല**
(1918 - 2013)

- 1993-ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം.
- 1990-ൽ ഭാരതരത്നം.
- ആത്മകഥ - A Long Walk to Freedom.
- 27 വർഷം ഇദ്ദേഹം ജയിൽവാസം അനുഭവിച്ചു.
- ബഹുമാന സൂചകമായി "മാഡിബ" എന്നറിയപ്പെട്ടു.
- അദ്ദേഹത്തിന്റെ ജന്മദിനമായ ജൂലൈ-18 നെൽസൻ മണ്ടേല ദിനമായി ആചരിക്കുമെന്ന് 2009 നവംബറിൽ യു.എൻ പൊതുസഭ പ്രഖ്യാപിച്ചു.
- 1994-ന് ദക്ഷിണാഫ്രിക്കയുടെ ആദ്യ കറുത്തവർഗ്ഗക്കാരനായ പ്രസിഡന്റായി.

## "I am prepared to die..."

....Above all, we want equal political rights, because without them our disabilities will be permanent. I know this sounds revolutionary to the whites in this country, because the majority of voters will be Africans. This makes the white man fear democracy....

... It is a struggle of the African people, inspired by their own suffering and their own experience. It is a struggle for the right to live.

... During my lifetime I have dedicated myself to this struggle of the African people. I have fought against white domination, and I have fought against black domination. I have cherished the ideal of a democratic and free society in which all persons live together in harmony and with equal opportunities. It is an ideal which I hope to live for and to achieve. But if needs be, it is an ideal for which ***I am prepared to die.***

1964 ജൂൺ 11-ന് കോടതി വിചാരണ മധ്യേ നെൽസൺ മണ്ടേല നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിന്റെ അവസാനഭാഗം.

### കാത്തിരിക്കുന്ന അവസരങ്ങൾ

**അസിസ്റ്റന്റ് സെയിൽസ് മാനേജർ**

Category No: 222/2015 ♦ യോഗ്യത: SSLC ♦ ജില്ലാതല നിയമനം ♦ അവസാനതീയതി: 16.9.2015

# വേർപാടിന്റെ രണ്ടാം വർഷം



**പി. വിജയൻ, രമ്യ**

(മുൻ സഭാ സെക്രട്ടറി)

ജനനം: 27-11-1944 മരണം: 01-09-2013

സ്നേഹസ്മരണകളോടെ,

ഭാര്യ: ജി.ലില്ലി

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| ലീന | ഗർഷോം | ഗർഷ്‌വിൻ, ലിൻസ |
| വിപിൻ | ഷീജാറാണി | അലോന, അനിഘ |

"SAFE IN THE ARMS OF JESUS"

# FIRST DEATH ANNIVERSARY

In Loving Memory of



## Dr. S.Y.RASEEYA MONY

Dhanya

choondupalaka kattakada.p.o

Born: 3-1-1960 Died: 25-9-2014

ദു:ഖസ്മരണകളോടെ,

ബന്ധുമിത്രാദികൾ

ഭർത്താവ് - ബി.ജോഫ്രി വില്യം

മക്കൾ - ബിജോയ്.ആർ.ജോഫ്രി

- ബിനോയ്. ആർ.ജോഫ്രി

- ബിൻസി ജോഫ്രി

മരുമകൻ - ബിജോയ് രാജൻ

C.S. Offset, Kattakada Ph:0471-2290534